# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 06 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

### മകരവിളക്ക് വ്യൂപോയിന്റുകളിൽ പരിശോധന നടത്തി

മകരവിളക്ക് ദർശനത്തിന് മുന്നോടിയായി പമ്പയിലെയും സമീപ പ്രദേശങ്ങളിലെയും വ്യൂ പോയിന്റുകളിലെ ഒരുക്കങ്ങളും ക്രമീകരണങ്ങളും എ.ഡി.എം.അർജ്ജുൻ പാണ്ഡ്യന്റെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ച് വിലയിരുത്തി. അട്ടത്തോട്, ഇലവുങ്കൽ, പഞ്ഞിപ്പാറ, നെല്ലിമല, അയ്യൻമല തുടങ്ങി പ്രധാനപ്പെട്ട വ്യൂ പോയിന്റുകളിലാണ് സന്ദർശനം നടത്തിയത്. നിലയ്ക്കൽ പോലീസ് സ്പെഷ്യൽ ഓഫീസർ, ഫോറസ്റ്റ്, പൊതുമരാമത്ത്, കെ.എസ്.ഇ.ബി, ദേവസ്വംബോർഡ് ജീവനക്കാർ എന്നിവർ ഉദ്യോഗസ്ഥ സംഘത്തിലു ായി. വിവിധ വകുപ്പുകൾ ആവശ്യമായ ക്രമീകരണം വരുത്താൻ നിർദ്ദേശിച്ചു.പമ്പ ഹിൽ ടോപ്പിലും സന്നിധാനത്തും ഉള്ള വ്യൂ പോയിന്റുകളിലെ ക്രമീകരണങ്ങൾ പുരോഗമിക്കുന്നതായി എ.ഡി.എം.അറിയിച്ചു. അയ്യപ്പഭക്തർക്ക് സുരക്ഷിതമായി മകരജ്യോതി ദർശിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ദേവസ്വം ബോർഡും ജില്ല ഭരണകൂടവും പോലീസും ചേർന്ന് ഒരുക്കുന്നത്.

